പത്രക്കുറിപ്പ് 08.07.2024

## പൊതുസേവനങ്ങളിലെ നിർമ്മിത ബുദ്ധി;
## സാധ്യതകളിലേക്ക് വിരൽ ചൂണ്ടാൻ ജെൻ എഐ കോൺക്ലേവ്

### ദ്വിദിന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

കൊച്ചി: സാങ്കേതികാധിഷ്ഠിത സംരംഭങ്ങളുടെ ആഗോള മേഖലയായി അവതരിപ്പിക്കാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ശക്തിപകരാനായി ജെനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലേവ്(ജെൻ എഐ) ജൂലായ് 11,12 തിയതികളിൽ കൊച്ചിയിൽ നടക്കും. വിവിധ പൊതുസേവനങ്ങൾ സുതാര്യവും കുറ്റമറ്റതും കാര്യക്ഷമമവുമാക്കുന്നതിന നൂതനസാങ്കേതിക വിദ്യകളെ എങ്ങിനെ പ്രയോജനപ്പെടുത്താമെന്നതിന്റെ പദ്ധതിരേഖയും ഈ സമ്മേളനത്തിൽ രൂപപ്പെടുത്തും.

രാജ്യത്തെ ആദ്യ ജെൻ എഐ കോൺക്ലേവാണ് കൊച്ചിയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. സംസ്ഥാന സർക്കാർ ഐബിഎമ്മുമായി ചേർന്ന് സംഘടിപ്പിക്കുന്ന കോൺക്ലേവ് ബോൾഗാട്ടിയിലെ ഗ്രാന്റ് ഹയാത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് നടക്കുന്നത്.

സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ നയങ്ങൾ കൊണ്ട് വിജ്ഞാനാധിഷ്ഠിത സമൂഹവും സമ്പദ് വ്യവസ്ഥയുമായി മാറാനുള്ള ശരിയായ ദിശയിലുള്ള കേരളത്തിന്റെ ശ്രമങ്ങൾ ദ്രുതഗതിയിൽ നടക്കുന്ന സമയത്താണ് ഈ സമ്മേളനം നടക്കുന്നതെന്ന് സംസ്ഥാന വ്യവസായ-നിയമ-കയർ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ജെൻ എഐ മേഖലയിൽ നിന്നുള്ള അന്താരാഷ്ട്ര വിദഗ്ധർ അടക്കം സമ്മേളനത്തിനായി കേരളത്തിലേക്കെത്തുന്നത് ഈ സമ്മേളനത്തെ വ്യത്യസ്തമാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എഐ, റോബോട്ടിക്സ് എന്നിവയ്ക്ക് വ്യക്തമായ കാഴ്ചപ്പാടോടെ സവിശേഷമായ പ്രാധാന്യമാണ് സംസ്ഥാന സർക്കാർ നൽകി വരുന്നത്. സാങ്കേതികാധിഷ്ഠിതമായ സംരംഭങ്ങളും നൂതനത്വത്തിൽ അടിസ്ഥാനമാക്കിയ സ്റ്റാർട്ടപ്പുകളും അടങ്ങുന്ന ആവാസവ്യവസ്ഥയെ സർക്കാർ പരിപോഷിപ്പിച്ചു വരുന്നു. പൊതുസേവനങ്ങളിൽ നൂതനസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിലൂടെ സുതാര്യതയും കാര്യക്ഷമതയും വർധിക്കുന്നു. അതിലൂടെ ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന സമൂലമായ മാറ്റത്തിന്റെ ഗുണങ്ങൾ ഇവിടെയും ലഭിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ഇൻഡസ്ട്രി 4.0 ലേക്ക് കേരളത്തെ മികച്ച രീതിയിൽ എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ജെൻ എഐ കോൺക്ലേവ്. വ്യവസായപ്രമുഖർ, നയരൂപകർത്താക്കൾ, ഐബിമ്മിന്റെ ഉപഭോക്താക്കൾ, പങ്കാളികൾ, സ്റ്റാർട്ടപ്പ് സ്ഥാപകർ, തുടങ്ങി വിവിധ മേഖലയിൽ നിന്നുമുള്ള പ്രതിനിധികൾ ഇതിൽ പങ്കെടുക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ആയിരത്തോളം പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. രാജ്യത്തെ നിർമ്മിത ബുദ്ധി മേഖലയിൽ ഗുണപരമായ വ്യതിയാനം ഉണ്ടാക്കാൻ ഈ സമ്മേളനത്തിൽ ആശയസംവാദത്തിലൂടെ സാധിക്കും.

അവതരണങ്ങൾ, പാനൽ ചർച്ചകൾ, ആശയവിനിമയ സെഷനുകൾ എന്നിവയ്ക്കു പുറമെ ഇനോവേറ്റീവ് ഡെവലപ്പർ പ്ലേ ഗ്രൗണ്ട് എന്ന സംവിധാനത്തിലൂടെ എഐ നേരിട്ട് അനുഭവിച്ചറിയാനുള്ള സൗകര്യവും കോൺക്ലേവിൽ ഒരുക്കും.

കോൺക്ലേവിന് മുന്നോടിയായി ഐബിഎമ്മിന്റെ വാട്സൺ എക്സ് പ്ലാറ്റ്ഫോമിലൂടെ രണ്ട് ഹാക്കത്തോണും നടക്കുന്നുണ്ട്. സർവകലാശാലാ വിദ്യാർത്ഥികൾക്കും പ്രാദേശിക സ്റ്റാർട്ടപ്പുകൾക്കുമാണ് ഹാക്കത്തോൺ നടത്തുന്നത്. മികച്ച പ്രതികരണമാണ് ഐടി ആവാസ വ്യവസ്ഥയിൽ നിന്ന് ഈ ഹാക്കത്തോണുകൾക്ക് ലഭിച്ചത്.